"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണവകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പുതിയതായി സ്ഥാപിച്ച ആട് ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്‌പെക്ടർ ഗ്രേഡ് II തസ്തിക, ഒരു താത്കാലിക അറ്റന്റന്റ് തസ്തിക എന്നിവ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി(മൃഗസംരക്ഷണ ഇ)വകുപ്പ്**

സ.ഉ.(കൈ) നം.18/2023/AHD തീയതി,തിരുവനന്തപുരം, 04-08-2023

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 28.11.2022 ലെ എ.എച്ച്.ഡി/ 1/ 2022 - ബി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ബേഡഡുക്കയിൽ ആട് ഫാം തുടങ്ങുന്നതിനു വേണ്ടി സോഷ്യൽ ഫോറെസ്റ്റി ഡിപ്പാർട്ടുമെന്റിന്റെ കൈവശം ഇരുന്ന 22 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലാ ഭരണകൂടം ലഭ്യമാക്കിയിട്ടുണ്ടെന്നും ഫാമിൽ 1000 മലബാറി ഇനത്തിൽപെട്ട ആടുകളെ വളർത്തുന്നതിന് കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതുവരെ ഏകദേശം 3 കോടി രൂപ ചിലവഴിച്ച് ഫീഡ്സ്റ്റോർ, 400 ആടുകളുടെ ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ നിർമ്മിക്കുകയും വകുപ്പിന്റെ 63 ലക്ഷം രൂപ ഉപയോഗിച്ച് 22 ഏക്കറിന് ചുറ്റുമതിൽ കെട്ടുകയും അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും കാസർഗോഡ് പാക്കേജിൽ indigenous breed കളുടെ സംരക്ഷണത്തിന് 25 കോടി രൂപ നീക്കിവച്ചിട്ടുള്ളതിനാൽ ടി തുക വിനിയോഗിക്കുന്നതിന് ഫാമിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ടെന്നും എന്നാൽ ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ തുടർ വികസന പ്രവർത്തനങ്ങൾ സാധിക്കുന്നില്ലായെന്നും പരാമർശ കത്ത് പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. പുനർവിന്യസിക്കാൻ വകുപ്പിൽ തസ്തികകളില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ അത്യാവശ്യം വേണ്ട അസിസ്റ്റന്റ് ഡയറക്ടർ-1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-3, അറ്റന്റന്റ്-2, പാർട്ട് ടൈം സ്വീപ്പർ-1 എന്നീ തസ്തികകളെങ്കിലും അടിയന്തിരമായി സൃഷ്ടിക്കേണ്ടതുണ്ടെന്നും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമ്പോൾ 25,74,420/- (ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി നാലായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. ഡയറക്ടറുടെ ശിപാർശയുടെയും ലഭ്യമാക്കിയ വിശദാംശങ്ങളുടെയും വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ആധുനിക ആട് ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് അഞ്ഞൂറു ആടിന് ഒരു ലൈവ് സ്റ്റോക്ക് ഇൻസ്‌പെക്ടർ എന്ന നിലയിൽ ആദ്യഘട്ടത്തിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്‌പെക്ടർ ഗ്രേഡ് 2 ന്റെ സ്ഥിരം തസ്തിക , അറ്റന്റന്റ് തസ്തികയിൽ ഒരു താത്കാലിക തസ്തിക എന്നിവ ചുവടെ ചേർക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ലൈവ് ഇൻസ്‌പെക്ടർ ഗ്രേഡ് 2 ന്റെ സ്ഥിരം തസ്തികയിൽ ജില്ലയിൽ നിന്നുള്ള പരിചയ സമ്പന്നനായ ലൈവ്സ്റ്റോക്ക് ഇൻസ്‌പെക്ടർ ഗ്രേഡ്- I ന്റെ സേവനം മൃഗസംരക്ഷണ വകുപ്പ്

ഡയറക്ടർ പ്രയോജനപ്പെടുത്തേണ്ടതാണ്.

2. താത്കാലിക അറ്റന്റന്റ് തസ്തികയിൽ ഒരാളെ പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം കഴിഞ്ഞു ഒരു ദിവസം ബ്രേക്ക് നൽകി ഒരുവർഷത്തേക്കു നിയമനം നൽകുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.
3. താത്കാലിക അറ്റന്റന്റ് തസ്തികയിൽ നിയമനം നൽകുമ്പോൾ സ്ഥിരപ്പെടുത്തൽ വാദം ഉന്നയിക്കുകയില്ലെന്ന സത്യ വാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും പ്രസ്തുത തസ്തികയിൽ വർഷത്തിലൊരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതുനിയമനം നടത്തുന്നതിന് മുൻകൂട്ടി സർക്കാരിന്റെ അനുമതി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ വാങ്ങേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രണബ്ജ്യോതി നാഥ് ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ( 02.08.2023ലെ ഇനം നം.1682 പ്രകാരം)
ധനകാര്യ വകുപ്പ് (U.O.(F) No.2407212/Agri-A2/63/2023-FIN dt. 19.05.2023 )
വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Arunima K R
Date: 04-08-2023 15:15:09
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. ഇ2/290/2022/എ.എച്ച്. ഇനം നം: 1682

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പുതിയതായി സ്ഥാപിച്ച ആട് ഫാമിലേക്ക് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക, ഒരു താത്കാലിക അറ്റന്റന്റ് തസ്തിക എന്നിവ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.

1682

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഇ 2/290/2022 - എ.എച്ച് |
| 2. | വകുപ്പ് | : | കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് |
| 3. | വിഷയം | : | കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പുതിയതായി സ്ഥാപിച്ച ആട് ഫാമിലേക്ക് ഒരു ലൈവ് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക , ഒരു താത്കാലിക അറ്റന്റന്റ് തസ്തിക എന്നിവ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.07.2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. കെ ജെ ശാലിനി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.07.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.07.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ചിഞ്ചുറാണി ജെ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26.07.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.07.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പ്രവർത്തനം ആരംഭിക്കുന്ന ആട് ഫാമിലേക്ക് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ബേഡഡുക്കയിൽ ആട് ഫാം തുടങ്ങുന്നതിനു വേണ്ടി സോഷ്യൽ ഫോറെസ്ട്രി ഡിപ്പാർട്ടുമെന്റിന്റെ കൈവശം ഇരുന്ന 22 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലാ ഭരണകൂടം ലഭ്യമാക്കിയിട്ടുണ്ട്. ഫാമിൽ 1000 മലബാറി ഇനത്തിൽ പെട്ട ആടുകളെ വളർത്തുന്നതിന് കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ഏകദേശം 3 കോടി രൂപ ചിലവഴിച്ച് ഫീഡ്സ്റ്റോർ, 400 ആടുകളുടെ ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ നിർമ്മിക്കുകയും വകുപ്പിന്റെ 63 ലക്ഷം രൂപ ഉപയോഗിച്ച് 22 ഏക്കറിന് ചുറ്റുമതിൽ കെട്ടുകയും അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് പാക്കേജിൽ indigenous breed കളുടെ സംരക്ഷണത്തിന് 25 കോടി രൂപ നീക്കിവച്ചിട്ടുള്ളതിനാൽ ടി തുക വിനിയോഗിക്കുന്നതിന് ഫാമിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്. എന്നാൽ ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ തുടർ വികസന പ്രവർത്തനങ്ങൾ സാധിക്കുന്നില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പുനർവിന്യസിക്കാൻ വകുപ്പിൽ തസ്തികകളില്ലാത്ത സാഹചര്യമാണ് നില വിലുള്ളത്. ആയതിനാൽ അത്യാവശ്യം വേണ്ട അസിസ്റ്റന്റ് ഡയറക്ടർ-1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-3, അറ്റന്റന്റ്-2, പാർട്ട് ടൈം സ്വീപ്പർ-1 എന്നീ തസ്തികകളെങ്കിലും അടിയന്തിരമായി സൃഷ്ടിക്കേണ്ടതുണ്ടെന്നും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമ്പോൾ 25,74,420/- (ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി നാലായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. ടി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്ന തിനായി ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കുകയുണ്ടായി.

5. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ആധുനിക ആട് ഫാമിലേക്ക് പ്രാരംഭത്തിൽ 400 ആടുകളെ വളർത്തുന്നതിനാവശ്യമായുള്ള സൗകര്യം ഒരുക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ ഏറ്റവും സൗകര്യപ്രദമായ ഓഫീസിൽ നിന്ന് ഒരു അസിസ്റ്റന്റ് ഡയറക്ടർക്കോ സമാന തസ്തികയിൽ ഉള്ള മറ്റൊരു ഓഫീസർക്കോ ആഴ്ചയിൽ മൂന്നു ദിവസം ഡ്യൂട്ടി നിശ്ചയിച്ചുകൊണ്ടു മുഴുവൻ ചുമതല നൽകാനും, അഞ്ഞൂറു ആടിന് ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്ന നിലയിൽ ആദ്യഘട്ടത്തിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ സ്ഥിരം തസ്തിക സൃഷ്ടിക്കാനും പ്രസ്തുത തസ്തികയിൽ ജില്ലയിൽ നിന്നുള്ള പരിചയ സമ്പന്നനായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ന്റെ സേവനം പ്രയോജനപ്പെടുത്താനും നിർദ്ദേശിക്കുന്നതോടൊപ്പം, അറ്റന്റന്റ് തസ്തികയിൽ ഒരു താത്കാലിക തസ്തിക സൃഷ്ടിച്ച് ഒരാളെ പ്രാദേശിക എംപ്ലോയ്മെന്റ് വഴി 179 ദിവസം കഴിഞ്ഞ് ഒരു ദിവസം ബ്രേക്ക് നൽകി ഒരുവർഷത്തേക്കു നിയമനം നൽകാനും, പാർട്ട് ടൈം തസ്തികയിൽ കുടുംബശ്രീയിൽ നിന്നു പ്രതിമാസം 8000 രൂപ വേതനത്തിൽ ഒരാളെ നിയമിക്കാനും ഭരണവകുപ്പിനു നിർദ്ദേശം നൽകുന്നു. താത്കാലിക തസ്തികയിൽ നിയമനം നൽകുമ്പോൾ സ്ഥിരപ്പെടുത്താൻ വാദം ഉന്നയിക്കുകയില്ലെന്ന സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും, അറ്റന്റന്റ് തസ്തികയിൽ വർഷത്തിലൊരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതുനിയമനം നടത്തുന്നതിനായി മുൻകൂട്ടി സർക്കാർ അനുമതി വാങ്ങേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".

6. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ആധുനിക ആട് ഫാമിലേക്ക്, ജില്ലയിൽ ഏറ്റവും സൗകര്യപ്രദമായ ഓഫീസിൽ നിന്ന് ഒരു അസിസ്റ്റന്റ് ഡയറക്ടർക്കോ സമാന തസ്തികയിൽ ഉള്ള മറ്റൊരു ഓഫീസർക്കോ ആഴ്ചയിൽ മൂന്നു ദിവസം ഡ്യൂട്ടി നിശ്ചയിച്ചുകൊണ്ടു മുഴുവൻ ചുമതല നൽകാൻ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

7. ധനവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ടി ഫാമിലേക്ക് ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക അറ്റന്റന്റ് തസ്തികയിൽ ഒരു താത്കാലിക തസ്തിക എന്നിവ സൃഷ്ടിക്കുന്നതിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തു. ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## <u>തീരുമാനമെടുക്കേണ്ട കാര്യം</u>

ധന വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ പുതിയതായി സ്ഥാപിച്ച ആട് ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക , ഒരു താത്കാലിക അറ്റന്റന്റ് തസ്തിക എന്നിവ സൃഷ്ടിക്കാമോ;